ഉത്തരം

(എ) പുതിയ പ്രോജക്ടുകളുടെ ജില്ലാതല വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) നാളിതുവരെ പ്രവർത്തനം ആരംഭിച്ച പ്രോജക്ടുകളുടെ ജില്ലാതല വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

(സി) വയനാട് ജില്ലയിൽ പുതുതായി അനുവദിച്ച 5 ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എ.പി.എൽ. ബി.പി.എൽ വ്യത്യാസമില്ലാതെ വാർദ്ധക്യപെൻഷൻ

75 (525) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മറ്റു പെൻഷനുകൾ ഒന്നും ഇല്ലാത്ത വൃദ്ധജനങ്ങൾക്ക് എപിഎൽ., ബിപിഎൽ. വ്യത്യാസമില്ലാതെ വാർദ്ധക്യ പെൻഷൻ നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ക്ഷേമ പദ്ധതികൾ

76 (526) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഈ പദ്ധതികൾമൂലം സാമൂഹ്യക്ഷേമ രംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(സി) സുരക്ഷാ മിഷൻ രൂപീകരിച്ചശേഷം വിവിധ പദ്ധതികൾക്കായി എത്രകോടി രൂപ വിനിയോഗിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതുതായി ആവിഷ്കരിച്ച "ആശ്വാസകിരണം" പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ഇ) അവശത അനുഭവിക്കുന്നവരെ പരിചരിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(എഫ്) സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രധാന പദ്ധതികൾ

1. ക്യാൻസർ സുരക്ഷാ പദ്ധതി.
2. താലോലം പദ്ധതി.
3. വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതി.
4. ഹംഗർഫ്രീ സിറ്റി പദ്ധതി.
5. കാരുണ്യ സമ്പാദ്യ പദ്ധതി.
6. ആശ്വാസകിരണം പദ്ധതി.
7. സ്നേഹസ്പർശം പദ്ധതി.
8. വയോജനങ്ങൾക്കുള്ള പദ്ധതി.
9. എൻഡോസൾഫാൻ ബാധിതർക്ക് പ്രതിമാസ ധനസഹായ പദ്ധതി (സ്നേഹ സാന്ത്വനം).
10. അന്നദായിനി സ്കീം.
11. പേമെന്റ് ഗേറ്റ് വേ.
12. കുട്ടികളിലേയും കൗമാരപ്രായക്കാർക്കുമിടയിലുള്ള ആത്മഹത്യാ പ്രവണത തടയുന്നതിനുള്ള കർമ്മ പദ്ധതി.
13. പെൺഭ്രൂണഹത്യ, വിവാഹ ധൂർത്ത്, gender issues മുതലായവയിലുള്ള ബോധവൽക്കരണം.

(ബി)

1. സംസ്ഥാനത്തെ അശരണരും ആലംബഹീനരും പാവപ്പെട്ടവരും, വൃദ്ധർ, കുട്ടികൾ, സ്ത്രീകൾ ഗുരുതരമായ രോഗബാധിതർ, ക്യാൻസർ ബാധിതർ തുടങ്ങി സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്ക് സഹായവും സുരക്ഷയും നൽകി.
2. സംസ്ഥാനത്തെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി.
3. സർക്കാർ ആശുപത്രികളിൽ പോഷകമൂല്യമുള്ള ഭക്ഷണം നൽകുന്നതിന് സൗകര്യങ്ങൾചെയ്തു.
4. സർക്കാർ ആശുപത്രികളിൽനിന്നും രോഗം ഭേദമായി വിട്ടയക്കുന്ന ആശ്രിതരില്ലാത്ത രോഗികളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി.
5. കുട്ടികളുടെയും കൗമാരപ്രായക്കാരുടെയും ആത്മഹത്യാ പ്രവണത തടയുവാൻ നടപടികൾ സ്വീകരിച്ചു.

6. സംസ്ഥാനത്തെ വികലാംഗർക്ക് ഐ.ഡി. കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും പാസ് ബുക്കുംനൽകി.

7. വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണംചെയ്യാൻ സാധിച്ചു.

8. എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ധനസഹായംനൽകി.

9. ശയ്യാവലംബരായ രോഗികളുടെ കെയർഗിവേഴ്സിന് ധനസഹായം നൽകിവരുന്നു.

10. സംസ്ഥാനത്തിന്റെ എല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഏജൻസിയായി പ്രവർത്തിക്കുവാൻ സാധിച്ചു.

11. മുകളിൽ ചേർത്തിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിച്ചു.

(സി)

നമ്പർ	പദ്ധതി	തുക (ലക്ഷം രൂപയിൽ)
(1)	(2)	(3)
1.	ക്യാൻസർ സുരക്ഷാ പദ്ധതി	609.09
2.	താലോലം പദ്ധതി	267.16
3.	വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതി	551.52
4.	ഹംഗർഫ്രീസിറ്റി	179.77
5.	ആശ്വാസ കിരണം പദ്ധതി	27.96
6.	സ്നേഹസ്പർശം പദ്ധതി	6.62
7.	വയോജനങ്ങൾക്കുള്ള പദ്ധതി	22.12
8.	എൻഡോസൾഫാൻ ബാധിതർക്ക് പ്രതിമാസ ധനസഹായ പദ്ധതി	13.14
9.	അന്നദായിനി സ്കീം	5.1
10.	കുട്ടികളിലേയും കൗമാരപ്രായക്കാർക്ക് ഇടയിലുള്ള ആത്മഹത്യ പ്രവണത തടയുന്നതിനുള്ള കർമ്മ പദ്ധതി	2.98
11.	പെൺഭ്രൂണഹത്യ, വിവാഹ ധൂർത്ത്, gender issues മുതലായവയിലുള്ള ബോധവൽക്കരണം	17.51 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
12.	കുടുംബശ്രീ ബഡ് സ്കൂളുകൾക്ക് ബസ് (വൈകല്യമുള്ളവർക്കായിട്ടുള്ള പദ്ധതി)	79.88
13.	മലബാർ ക്യാൻസർ സെന്ററിന് ലിനിയാർ അക്സിലറേറ്റർ	300.00
14.	സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം	195.62
15.	സാമൂഹ്യക്ഷേമ വകുപ്പിന്റെ സ്ഥാപനങ്ങളിൽ കെയർ ഗിവേഴ്സിനെ നൽകുന്ന പദ്ധതി	10.82
16.	സ്നേഹസാന്ത്വനം	2.5
	ആകെ	2291.79

(ഡി&ഇ) ശയ്യാവലംബരായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് 'ആശ്വാസകിരണം പദ്ധതി' ശയ്യാവലംബരായ രോഗികളുള്ള കുടുംബങ്ങളിൽ രോഗികളെ പരിചരിക്കുന്നവർക്ക് വേറെ തൊഴിലിനുപോകാൻ സാധിക്കാതെവരുന്നു. ഇത് കുടുബത്തിന്റെ വരുമാനത്തിന്റെ ലഭ്യതയെ ബാധിക്കുന്നു. ഇത്തരത്തിലുള്ളവരെ സഹായിക്കുന്നതിനായി കൃത്യമായി വിവരംശേഖരിച്ച് പ്രതിമാസം 300 രൂപ വീതം ധനസഹായംനൽകുന്നു.

(എഫ്) സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ് മുഖേന അർഹരായവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് താൽപ്പര്യമുള്ളവരിൽനിന്നും സംഭാവനകൾ സ്വീകരിക്കുവാനുള്ള പേമെന്റ് ഗേറ്റ് വേ സ്ഥാപിച്ച് ഇതുവഴി ലോകത്തെമ്പാടുമുള്ള സുമനസുകാരിൽനിന്നും സംഭാവനകൾ സ്വീകരിച്ചുവരുന്നു.

വൃദ്ധനയവും ക്ഷേമപദ്ധതികളും

77 (527) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൃദ്ധനയം നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് നടപ്പാക്കിയത് ;

(ബി) വൃദ്ധരുടെ ക്ഷേമത്തിനായി ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട ക്ഷേമപദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഭാവിയിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ ;

(ഡി) വൃദ്ധരുടേതായി ലഭിച്ച പരാതികൾ എത്രയാണ് ; ഇതിൽ എത്ര എണ്ണത്തിൽ പരിഹാരം കണ്ടു ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly